**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1383**

**07.06.2018-ന് മറുപടിയ്ക്ക്**

## സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ വർഷം വിതരണം ചെയ്യാനുള്ള സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) 2018-19 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നുമുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങളായാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. ഇതിൽ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ട്. ഹയർ സെക്കന്ററി ഒന്നാംവർഷ പാഠപുസ്തകങ്ങൾ ക്ലാസ് ആരംഭിക്കുന്നതിന് മുമ്പ് തന്നെ ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ അച്ചടി പുരോഗമിക്കുകയാണ്. രണ്ടാംവർഷ പാഠപുസ്തകങ്ങളുടെ അച്ചടി 95% പൂർത്തിയായി കഴിഞ്ഞു. |
| (ബി) പാഠപുസ്തകങ്ങൾ എന്നത്തേക്ക് വിതരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ഒന്നുമുതൽ 10 വരെ ക്ലാസുകളിലെ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടും മൂന്നും വാല്യം പാഠപുസ്തകങ്ങളുടെ വിതരണം താഴെപറയുന്ന ഷെഡ്യൂൾ പ്രകാരമാണ്.<br>രണ്ടാം വാല്യം - 2018 ആഗസ്റ്റ് മാസത്തിലും<br>മൂന്നാം വാല്യം - 2018 ഒക്ടോബർ മാസത്തിലും<br>ഹയർ സെക്കന്ററി രണ്ടാംവർഷ പാഠപുസ്തകങ്ങൾ ജൂൺ 25-ാം തീയതിക്ക് മുമ്പ് തന്നെ വിതരണം പൂർത്തിയാക്കാനും ഒന്നാം വർഷ പാഠപുസ്തകങ്ങൾ ജൂലൈ അഞ്ചാം തീയതിയോടുകൂടി വിതരണം പൂർത്തിയാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

Namitha

സെക്ഷൻ ഓഫീസർ